സി.ജി(2)50175/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 13.01.2011.

**Email : keralarcs@gmail.com**
**Website : www.cooperation.kerala.gov.in**
**Tel No. 0471 2330726**

# സർക്കുലർ നമ്പർ 5/2011

വിഷയം: സഹകരണ വകുപ്പ് – സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾ ഏഴുമാസത്തേക്ക് കൂടി നിർത്തിവച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന:
1) സ.ഉ (കൈ)നമ്പർ 42/2007 മതുവ, തീയതി 2.11.2007
2) സ.ഉ (കൈ) നമ്പർ 29/2008 മതുവ, തീയതി. 27.5.2008
3) സ.ഉ (കൈ) നമ്പർ 78/2008, മതുവ, തീയതി 6.12.2008
4) സ.ഉ (കൈ) നമ്പർ 38/2009, മതുവ, തീയതി 11.6.2009
5) സഹകരണസംഘം രജിസ്ട്രാറുടെ 48(എ)/2009 നമ്പർ സർക്കുലർ
6) സ.ഉ (കൈ) നമ്പർ 74/2009, മതുവ, തീയതി 13.11.2009
7) സഹകരണസംഘം രജിസ്ട്രാറുടെ 62/2009 നമ്പർ സർക്കുലർ
8) സ.ഉ (കൈ) നമ്പർ 33/2010, മതുവ, തീയതി 5.5.2010
9) സഹകരണസംഘം രജിസ്ട്രാറുടെ 26/2010 നമ്പർ സർക്കുലർ.
10) സ.ഉ (കൈ) നമ്പർ 62/2010, മതുവ, തീയതി 10.8.2010
11) സഹകരണസംഘം രജിസ്ട്രാറുടെ 60/2010 നമ്പർ സർക്കുലർ.
12) സ.ഉ (കൈ) നമ്പർ 1/2011, മതുവ, തീയതി 1.1.2011

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ 31.12.2007 വരെ മത്സ്യ ബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സാ ചെലവുകൾ, പെൺമക്കളുടെ വിവാഹം എന്നീ കാര്യങ്ങൾക്ക് നേടിയിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ 31.12.2010 വരെ നിർത്തി വച്ച് സൂചന (11) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

മേൽ വായ്പകളിന്മേൽ തുടങ്ങി വച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് പ്രഖ്യാപിച്ചിട്ടുള്ള മോറട്ടോറിയത്തിന്റെ കാലാവധി 1.1.2011 മുതൽ 7 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് സൂചന (12) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ വായ്പകളിന്മേലുള്ള ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ 31–7–2011 വരെ നിർത്തിവയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ടി നിർദ്ദേശം സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടെയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്

സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്കും
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
3. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ,
കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, (കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ)
5 എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും.
6. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്
(ജോയിന്റ് രജിസ്ട്രാർ മുഖേന)
7. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ
(ജോയിന്റ് രജിസ്ട്രാർ മുഖേന)
8. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
10. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)